വയറിംഗിൽ നിന്നും ഷോർട്ട് സർക്യൂട്ട് ഉണ്ടായി തീപിടിച്ചതാകാമെന്നാണ് സ്ഥാപന ഉടമ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. എറണാകുളം സിറ്റിയിൽ ഈ വർഷം മാർച്ച് 12 വരെ 7 തീപിടിത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിന്മേലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ഇത്തരം തീപിടിത്തങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ അതു തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ, ഫയർഫോഴ്സ്, വിദ്യുച്ഛക്തി ബോർഡ്, വാട്ടർ അതോറിറ്റി, റവന്യൂ, പോലീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) സ്വാതന്ത്ര്യ സമരസേനാനികളുടെ വിധവകൾക്ക് സൗജന്യ യാത്രാ പാസ്

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, സ്വാതന്ത്ര്യ സമരസേനാനികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിനു സൗജന്യ ബസ്പാസ് ഗവണ്മെന്റ് നല്കിയിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികൾ എണ്ണത്തിൽ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. അവരുടെ രാജ്യസേവനം പരിഗണിച്ച്, അവരോടുള്ള ആദരവ് കണക്കിലെടുത്താണ് ഗവണ്മെന്റ് അവർക്ക് ചില ആനുകൂല്യങ്ങൾ നല്കിവരുന്നത്. അതിന്റെ ഭാഗമായി അന്തരിച്ച സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്കു സൗജന്യ ബസ്പാസ് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഇ.കെ. നായനാർ)</u> : സർ, സ്വാതന്ത്ര്യ സമരഭടന്മാർക്ക് സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം അന്തരിച്ച സ്വാതന്ത്ര്യ സമരഭടന്മാരുടെ വിധവകൾക്കുകൂടി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും ചില വിവരങ്ങൾ കൂടി ലഭിക്കേണ്ടതുണ്ട്. അവ എത്രയും പെട്ടെന്ന് ലഭ്യമാക്കി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(3) ഗോശ്രീ പദ്ധതിയിൻകീഴിൽ നികത്തപ്പെടുന്ന കായൽ ഭൂമിയുടെ ഉടമസ്ഥാവകാശം

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, എറണാകുളം ഗോശ്രീ ഐലാന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രധാനപ്പെട്ട പദ്ധതി എറണാകുളം-വൈപ്പിൻ പാലം പണിയുക എന്നതാണ്. എറണാകുളം-വൈപ്പിൻ പാലം പണിയുവാൻവേണ്ടി പണം കണ്ടെത്തുന്നതിന് കായൽ നികത്തി 25 ഹെക്ടർ ഭൂമി ഉണ്ടാക്കേണ്ടതുണ്ട്. എറണാകുളം-വൈപ്പിൻ പാലത്തിന് 84 കോടി രൂപ ആവശ്യമാണ്. ഈ കായൽ നികത്തി ഭൂമി വിറ്റുവേണം 84 കോടി രൂപ സ്വരൂപിക്കാൻ. ആ ഭൂമി വിൽക്കുവാൻവേണ്ടി ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം ഒരു വിഷയമായി മാറുന്നു. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly